തൊഴിലാളികളുടെ ഉന്നമനവും മികച്ച തൊഴിലവസരങ്ങളും സൃഷ്ടിക്കുന്ന സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന കയറിന്റേയും കയറുൽപ്പന്നങ്ങളുടെയും വിപണനം പ്രോൽസാഹിപ്പിക്കുക, വിൽപ്പന വർദ്ധിപ്പിക്കുന്നതിന് കയർമേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർഫെഡ്, കയർ സഹകരണ സംഘങ്ങൾ, കയറുൽപ്പാദന സഹകരണ സംഘങ്ങൾ എന്നിവയ്ക്കും വർഷം മുഴുവൻ ധനസഹായം ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) ഉണ്ട്.

(ഡി) 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.ഡി.എഫ്. 2000-01 വർഷത്തേക്ക് കേന്ദ്രവിഹിതമായി 80 ലക്ഷം രൂപയും 2001-02 വർഷത്തേക്ക് 100 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുകയിൽ 2000-01 വർഷത്തെ 80 ലക്ഷം രൂപയും 2001-02 വർഷം അനുവദിച്ച തുകയിൽ 60 ലക്ഷം രൂപയും ഉൾപ്പെടെ രണ്ടു വർഷത്തേക്ക് 140 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. ആകെ വിൽപ്പനയുടെ ശരാശരിയുടെ 10 ശതമാനമാണ് എം. ഡി. എ.-യായി നൽകുന്നത്. സംസ്ഥാനത്തിന് ആവശ്യമായ വിഹിതത്തിന്റെ 50% കേന്ദ്ര വിഹിതമായി ലഭിക്കുന്നില്ല. 50% കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് സമ്മർദ്ദം ചെലുത്തിവരുന്നു. എന്നാൽ കയർബോർഡിന്റെ ബഡ്ജറ്റിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് കേന്ദ്രവിഹിതം തരിക എന്ന നിബന്ധനയുള്ളതു കൊണ്ട് ബഡ്ജറ്റിലുള്ള വിഹിതം മാത്രമേ നൽകാനാവൂ എന്നാണ് കേന്ദ്രം ഇപ്പോഴും അറിയിച്ചിട്ടുള്ളത്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പൊതുപണ വിനിയോഗം നിയന്ത്രിക്കാൻ നടപടി

1 [5455] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുപണ വിനിയോഗം നിയന്ത്രിക്കാൻ പുതുതായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ;

(ബി) ഇത്തരം നടപടികൾ സ്വീകരിക്കുന്നതിന്റെ പശ്ചാത്തലവും ലക്ഷ്യവും വിശദീകരിക്കുമോ?

ഉത്തരം

(എ) പൊതുപണ വിനിയോഗം നിയന്ത്രിക്കാൻ നിലവിലുള്ള നടപടികൾതന്നെ കർശനമായി തുടരാനാണ് ഉദ്ദേശിക്കുന്നത്.

(ബി) രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചെലവ് ചുരുക്കി സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടത് അനിവാര്യമാണ്.

വാർഷിക പദ്ധതിക്ക് കേന്ദ്രസഹായമായി ലഭിച്ച തുക

2[5456] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) 9-ാം പഞ്ചവത്സര പദ്ധതിയുടെ ഓരോ വാർഷിക പദ്ധതിക്കും വാർഷിക അടങ്കലിന്റെ എത്ര ശതമാനം തുക കേന്ദ്ര സഹായമായി ലഭിക്കുകയുണ്ടായി;

(ബി) 10-ാം പഞ്ചവത്സര പദ്ധതിയുടെ വാർഷിക പദ്ധതിക്ക് വാർഷിക അടങ്കലിന്റെ എത്ര ശതമാനം തുക കേന്ദ്രം അനുവദിച്ചു;

(സി) കേന്ദ്ര സഹായമായി കേരളത്തിനു കിട്ടേണ്ട സഹായത്തുകയിൽ ഓരോ വർഷവും ഉണ്ടായ നഷ്ടം വ്യക്തമാക്കുമോ?

ഉത്തരം

(എ)
1997-98	..	18.36%
1998-99	..	21.45%
1999-2000	..	22.07%
2000-2001	..	20.56%
2001-2002	..	27.05%

(ബി) പത്താം പദ്ധതിയുടെ അംഗീകരിച്ച രണ്ടു വാർഷിക പദ്ധതികൾക്ക് പ്ലാനിംഗ് കമ്മീഷൻ അംഗീകാരം നൽകിയ കേന്ദ്രസഹായം (ശതമാനത്തിൽ) വാർഷിക അടങ്കലിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരമാണ്:

2002-2003	..	46.03%
2003-2004	..	41.64%

(സി) പദ്ധതി നടത്തിപ്പിലേക്കായി കേന്ദ്ര സഹായമായി അംഗീകരിച്ച തുകയും ലഭിച്ച തുകയുടെ വ്യത്യാസവും ഇപ്രകാരമാണ്:

രൂപ കോടിയിൽ

	അംഗീകരിച്ചത്	ലഭിച്ചത്	വ്യത്യാസം
1997-98 കേന്ദ്ര സഹായം (മൊത്തം)	804.55	523.58	280.97
നോർമൽ കേന്ദ്ര സഹായം	503.45		
വിദേശ സഹായ പദ്ധതിക്കുള്ള അധിക കേന്ദ്ര സഹായം	279.85	523.58	
മറ്റു കേന്ദ്ര സഹായം	21.25		
1998-99 കേന്ദ്ര സഹായം (മൊത്തം)	768.30	664.91	103.39
നോർമൽ കേന്ദ്ര സഹായം	594.89		
വിദേശ സഹായ പദ്ധതിക്കുള്ള അധിക കേന്ദ്ര സഹായം	152.16	664.91	
മറ്റു കേന്ദ്ര സഹായം	21.25		

LIBRARY ARCHIVES Kerala Legislative Assembly

രൂപ കോടിയിൽ

	അംഗീകരിച്ചത്	ലഭിച്ചത്	വ്യത്യാസം
1999-2000 കേന്ദ്ര സഹായം (മൊത്തം)	883.80	719.60	164.20
നോർമൽ കേന്ദ്ര സഹായം	508.15		
വിദേശ സഹായ പദ്ധതി ക്കുള്ള അധിക കേന്ദ്ര സഹായം	166.56	719.60	
മറ്റു കേന്ദ്ര സഹായം	209.09		
2000-2001 കേന്ദ്ര സഹായം (മൊത്തം)	882.98	682.02	200.96
നോർമൽ കേന്ദ്ര സഹായം	508.15		
വിദേശ സഹായ പദ്ധതി ക്കുള്ള അധിക കേന്ദ്ര സഹായം	177.17	682.02	
മറ്റു കേന്ദ്ര സഹായം	197.66		
2001-2002 കേന്ദ്ര സഹായം (മൊത്തം)	867.15	815.69	51.46
നോർമൽ കേന്ദ്ര സഹായം	508.15		
വിദേശ സഹായ പദ്ധതി ക്കുള്ള അധിക കേന്ദ്ര സഹായം	132.00	815.69	
മറ്റു കേന്ദ്ര സഹായം	227.00		

ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ച തുക

3 [5457] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകൾക്ക് ഈ സാമ്പത്തിക വർഷം അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ അനുവദിച്ച തുക എത്ര സമയത്തിനുള്ളിൽ ചെലവഴിച്ചിരിക്കണമെന്ന് സർക്കാരിൽനിന്ന് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ;

(സി) നിർദ്ദേശം നൽകിയിരുന്നുവെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2003-04 സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾക്കുള്ള പദ്ധതി വിഹിതമായി ബഡ്ജറ്റിൽ 1,317 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക തുല്യമാസ ഗഡുക്കളായിട്ടാണ് നൽകുന്നത്. ഇതിൽ ഏപ്രിൽ മുതൽ ജൂലായ് വരെയുള്ള മാസഗഡുക്കൾ ഒറ്റഗഡുവായി വിതരണം ചെയ്യുന്നതിന് 9-7-2003-ലെ ജി.ഒ. (പി) 381/2003/ഫിൻ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly